വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

ഏഴാം പഞ്ചവൽസര പദ്ധതിക്കാലത്ത് കേരളത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന പുതിയ വ്യവസായയൂണിറ്റുകളുടെ പേരുവിവരങ്ങളടങ്ങിയ ഒരു ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. *

ജഡ്ജിമാർക്കുള്ള ഭവന നിർമ്മാണം

* 552 [589] ശ്രീ. കെ. പുരുഷോത്തമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നീതിന്യായ കോടതികളിലെ ജഡ്ജിമാർക്ക് പാർപ്പിടങ്ങൾ പണിയുന്നതിന് സർക്കാരിന് പരിപാടിയുണ്ടോ;

(ബി) എങ്കിൽ എത്ര പാർപ്പിടങ്ങൾ പണിതിട്ടുണ്ട്;

(സി) ജഡ്ജിമാർക്ക് പാർപ്പിടങ്ങൾ പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ഉണ്ട്.

(ബി, സി) ഹൈക്കോടതി ജഡ്ജിമാർക്കുള്ള 9 ക്വാർട്ടേഴ്സുകളുൾപ്പെടെ 22 ക്വാർട്ടേഴ്സുകൾ ഇപ്പോൾ തന്നെയുണ്ട്. 263 ക്വാർട്ടേഴ്സുകൾ ഘട്ടം ഘട്ടമായി നിർമ്മിക്കാനുദ്ദേശിക്കുന്നതിൽ ചിലവയുടെ പണി ഇപ്പോൾ നടന്നുവരുന്നു.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ഭൂവിനിയോഗ ബോർഡിന്റെ പ്രവർത്തനങ്ങൾ

1993 [3067] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) ഏതെല്ലാം പദ്ധതികളാണ് കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ പൂർത്തികരിച്ചത്?

ഉത്തരം

(എ) ഭൂവിഭവങ്ങളേയും ഭൂവിനിയോഗത്തേയും കുറിച്ചുള്ള സ്ഥിതി വിവരങ്ങൾ സർവ്വേ മുഖേന ശേഖരിച്ച് പഠനം നടത്തിയശേഷം റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുക, ഈ മേഖലയിൽ പ്രവർത്തനം നടത്തുന്ന വിവിധ ഏജൻസികളുടെ പദ്ധതികൾ ഏകോപിപ്പിക്കുകയും വിലയിരുത്തുകയും ചെയ്യുക, തരിശുഭൂമിയിൽ ചെടികളും വൃക്ഷങ്ങളും നട്ടു പച്ച പിടിപ്പിക്കുന്ന പരിപാടി ഏകോപിതരൂപത്തിൽ നടപ്പിലാക്കുക എന്നിവയെത്ര.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly